# പതിമൂന്നാം കേരള നിയമസഭ
# ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.191. 13.02.2013 ൽ മറുപടിയ്ക്ക്

## മോട്ടോർ വാഹന നികുതി കുടിശ്ശിക

| ചോദ്യം<br>ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)<br>,, എസ്. ശർമ്മ<br>" പി.റ്റി.എ.റഹീം<br>" കെ. കുഞ്ഞമ്മത് മാസ്റ്റർ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പമന്ത്രി |
|---|---|---|
| (എ) മോട്ടോർ വാഹന നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് പുതുതായി എന്തെല്ലാം നിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | മോട്ടോർവാഹന നികുതി പിരിവ് കാര്യക്ഷമമായി നടത്തുന്നതിന വേണ്ടി സംസ്ഥാനത്തെ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും ബുധനാഴ്ചകളിൽ നികുതി സംബന്ധമായ പ്രവർത്തികൾ നടത്തുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ നികുതി പിരിവിൽ കാര്യമായി വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അതുപോലെതന്നെ പുതിയ എൻഫോഴ്സ്മെന്റ് വിഭാഗം നിലവിൽ വന്നതിന്റെ ഫലമായി വാഹന പരിശോധന സംവിധാനം ശക്തമാക്കിയതിനെ തുടർന്ന് വാഹനങ്ങൾ പരിശോധിക്കുന്നതിനും വാഹനനികുതി കുടിശ്ശിക ഈടാക്കുന്നതിനുമുള്ള നടപടി ത്വരിതപ്പെട്ടിട്ടുണ്ട്. |
| (ബി) നിലവിലുള്ള വാഹന നികുതി കുടിശ്ശിക എത്ര തുകയാണെന്ന് വിശദമാക്കാമോ; | (ബി) | 2012 ഡിസംബർ 31 വരെയുള്ള വാഹന നികുതി കുടിശ്ശിക 596,38,46208/- രൂപയാണ്. ഇതിൽ 409,65,68053/-രൂപ കെ.എസ്.ആർ.ടി.സി.യിൽ നിന്ന് ലഭിക്കേണ്ടതായ കുടിശ്ശികയാണ്. |

| | | | |
|---|---|---|---|
| (സി) | ബുധനാഴ്ചകൾ നികുതി പിരിവിന് വേണ്ടി മാത്രം നീക്കിവെയ്ക്കണമെന്ന നിർദ്ദേശം ആർ. ടി. ഓഫീസുകൾ പാലിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ബുധനാഴ്ചകളിൽ നികുതി പിരിവിനോടൊപ്പം പൊതുജനങ്ങൾക്ക് അത്യാവശ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഫാസ്റ്റ് ട്രാക്ക് കൗണ്ടറും പ്രവർത്തിപ്പിക്കുന്നതിനാണ് നിർദ്ദേശം നല്കിയിട്ടുള്ളത്. അത് ആർ.ടി.ഓഫീസുകളിൽ പാലിക്കുന്നുണ്ട്. |
| (ഡി) | നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (ഡി) | നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതടക്കമുള്ള ജോലികളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തലത്തിൽ അച്ചടക്ക നടപടി സ്വീകരിച്ച് വരുന്നുണ്ട്. |
| (ഇ) | നികുതിപിരിവിനായി മാത്രം ബുധനാഴ്ചകൾ മാറ്റി വെയ്ക്കണമെന്ന നിർദ്ദേശം സംബന്ധിച്ച് ഹൈക്കോടതി യിൽ കേസ് നിലവിലുണ്ടോ ; | (ഇ) | ഉണ്ട് . |
| (എഫ്) | എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ? | (എഫ്) | മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ നിന്ന് ബുധനാഴ്ചകളിൽ നികുതി പിരിക്കുന്നതൊഴികെയുള്ള മറ്റു ജോലികൾ പൂർണമായും നിർത്തി വയ്ക്കുന്നത് പൊതു ജനങ്ങൾക്ക് ബുദ്ധിമുട്ട് സൃഷ്ടിച്ച സാഹചര്യത്തിലാണ് നികുതി പിരിവിനെ യാതൊരു വിധത്തിലും ബാധിക്കാത്ത രീതിയിൽ ടി ദിവസം മറ്റു സേവനങ്ങളും ലഭ്യമാക്കാൻ ഗതാഗത കമ്മീഷണർക്ക് നിർദേശം നൽകിയത് ഇതിന്റെയടിസ്ഥാന-ത്തിൽ 4/7/2012 മുതൽ പൊതുജനങ്ങൾക്ക അത്യാവശ്യ സേവനങ്ങൾ നൽകുന്നതിനായി |

| | | |
|---|---|---|
| | | ഫാസ്റ്റ് ട്രാക്ക് കൗണ്ടർ സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് 27/6/2012 ലെ 6/2012 നമ്പർ സർക്കുലർ പ്രകാരം ഗതാഗത കമ്മീഷണർ നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.